എടുക്കാത്തതിനാൽ ട്രാക്കിൽ മത്സരങ്ങൾ തടസ്സപ്പെടുത്തുകയാണെന്ന് പറഞ്ഞ് ട്രാക്കിൽ അതിക്രമിച്ച് കയറി ഫിനിഷിംഗ് പോയിന്റിൽ കിടന്ന് മത്സരങ്ങൾ നടത്തുന്നതിന് തടസ്സം സൃഷ്ടിക്കുകയും മേലുദ്യോഗസ്ഥന്മാർക്ക് എതിരെ മുദ്രാവാക്യം മുഴക്കുകയും മേലുദ്യോഗസ്ഥന്മാർ ആവശ്യപ്പെട്ടിട്ടും ഗ്രൗണ്ടിൽ നിന്നും മാറാതിരിക്കുകയും ടി കാര്യത്തിന് അറസ്റ്റ് ചെയ്യപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 245/02 നമ്പർ കേസ്സിൽ പ്രതിയാവുകയും ചെയ്യുക വഴി ഗുരുതരമായ അച്ചടക്ക ലംഘനവും സ്വഭാവദൂഷ്യവും കാണിച്ചു എന്നുള്ള കാരണം കൊണ്ട് ശ്രീമതി വിനയയെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) പോലീസ് സേനയിൽ അച്ചടക്ക നിയമങ്ങൾ ഭരണഘടനാനുസൃതമായി ഉണ്ടാക്കിയിട്ടുള്ളതാണ്.

(ഡി) പോലീസ് സേനയിൽ തെറ്റായ നടപടികൾ ഉണ്ടായാൽ അത് തിരുത്തുന്നതിന് മേലുദ്യോഗസ്ഥന്മാർക്ക് പരാതി നൽകുന്നതിനും, പരിഹാരം കാണുന്നതിനും ഇപ്പോൾ അവസരം ഉണ്ട്. അച്ചടക്കലംഘനം നടത്തുന്ന സേനാംഗങ്ങൾക്ക് എതിരെ ചട്ടങ്ങൾ അനുശാസിക്കുംവിധം യുക്തമായ നടപടി സ്വീകരിക്കാറുണ്ട്.

നെടുമ്പാശ്ശേരിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന നടപടി

50 (1518) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരിയിൽ പോലീസ് സ്റ്റേഷൻ പണിയാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിട നിർമ്മാണം ഇപ്പോൾ ടെണ്ടർ അവസ്ഥയിലാണ്.

പുതിയ പോലീസ് സ്റ്റേഷനുകൾ

51 (1519) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലയിൽ എവിടെയൊക്കെയാണ് ; വിശദവിവരം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly